**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5843** **08-07-2024 - ൽ മറുപടിയ്ക്ക്**

**സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. പി. വി. അൻവർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള വിവരശേഖരണത്തിന് ഏതെല്ലാം ഏജൻസികളെയാണ് നിയോഗിച്ചിട്ടുള്ളത്; ഇവർക്ക് എന്തെല്ലാം പരിശീലനങ്ങളാണ് നൽകിയിട്ടുള്ളത്; എന്തെല്ലാം വിവരങ്ങളാണ് ഇവർ ശേഖരിക്കുന്നത്; വ്യക്തമാക്കുമോ; | (എ) | എൻ എസ് എസ്, എൻ സി സി, എൻ വൈ കെ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, കുടുംബശ്രീ, സാക്ഷരതമിഷൻ, ആർ ജി എസ് എ ബ്ലോക്ക് കോർഡിനേറ്റർമാർ, കില ,എസ് സി എസ് ടി പ്രൊമോട്ടർമാർ, ബഹു. മുഖ്യമന്ത്രിയുടെ സന്നദ്ധസേന, ലൈബ്രറി കൗൺസിൽ, യുവജന ബോർഡ്, യുവതീ യുവാക്കൾ, വിദ്യാർത്ഥികൾ തുടങ്ങി ഡിജി കേരളം പദ്ധതിയിൽ താല്പര്യമുള്ള സ്മാർട്ട് ഫോൺ ഉപയോഗിക്കാൻ അറിയാവുന്ന ഏതൊരു വ്യക്തിയ്ക്കും വോളന്റിയറാകാം. ഈ വോളന്റിയർമാർക്ക് പരിശീലനം നൽകിയ ശേഷം അവർ മുഖേനെയാണ് വിവരങ്ങൾ ശേഖരിക്കുന്നത്. വിവരശേഖരണം നടത്തുവാൻ ഒരു മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിക്കുന്നുണ്ട്. ആതിന്റെ പ്രവർത്തനം വിവരിക്കുന്ന ഒരു വീഡിയോ ട്യൂട്ടോറിയൽ ഉപയോഗിച്ച് പരിശീലനം നൽകി വരുന്നുണ്ട്. പഠിതാക്കളുടെ പേര്, വയസ്സ്, ലിംഗം, വിദ്യാഭ്യാസ യോഗ്യത, തൊഴിൽ തുടങ്ങിയ അടിസ്ഥാന വിവരങ്ങളും, അവർക്ക് ഡിജിറ്റൽ സാക്ഷരതയുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള വിവരങ്ങളുമാണ് ശേഖരിക്കുന്നത്. |
| (ബി) | ഓരോ പഠിതാവിന്റെയും പരിശീലന പുരോഗതി രേഖപ്പെടുത്തുന്നതിനും പരിശീലനത്തിനുതകുന്ന എന്തെല്ലാം സാങ്കേതിക സൗകര്യങ്ങൾ തയ്യാറാക്കാനുമാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | മൂന്ന് മൊഡ്യൂളുകളിലായി 15 ഇനങ്ങളിലായി സ്മാർട്ട്ഫോൺ ഉപയോഗിച്ചാണ് പരിശീലനം നൽകുന്നത്. ഓരോ ഇനത്തിലും പരിശീലനം ലഭിയ്ക്കുന്ന മുറയ്ക്ക് അത് മൊബൈൽ ആപ്ലിക്കേഷനിൽ രേഖപ്പെടുത്തുന്നതും എല്ലാ ഇനങ്ങളും പൂർത്തിയാകുന്ന മുറയ്ക്ക് പഠിതാക്കളുടെ പരിശീലനം പൂർത്തിയാക്കിയതായി കണക്കാക്കുന്നതുമാണ്. |
| (സി) | ഇപ്രകാരം പരിശീലനം സിദ്ധിച്ചിട്ടുള്ളവരുടെ മൂല്യനിർണ്ണയ പ്രക്രിയകൾ പരിശോധിക്കുന്നതിനുള്ള | (സി) | മൂന്ന് മൊഡ്യൂളുകളിലായി 15 ഇനങ്ങളിലും പരിശീലനം പൂർത്തിയാക്കുന്ന എല്ലാ പഠിതാക്കളെയും മൂല്യ |

| | | | |
|---|---|---|---|
| | ക്രമീകരണങ്ങൾ എന്തെല്ലാമാണ്; പരാജയപ്പെടുന്നവർക്ക് തുടർപഠനത്തിന് അവസരമൊരുക്കുമോ; വിശദമാക്കുമോ; | | നിർണ്ണയ പ്രക്രിയയ്ക്ക് വിധേയരാക്കുന്നതാണ്. ഇതിനായി ഒരു മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിക്കുന്നതാണ്. വോളന്റിയർമാർ മുഖേനെയാണ് മൂല്യനിർണ്ണയവും നടത്തുന്നത്. മൂല്യ നിർണ്ണയ പ്രക്രിയ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് 'ഡിജിറ്റൽ സാക്ഷരത സാക്ഷ്യപത്രം' മൊബൈൽ ആപ്ലിക്കേഷൻ വഴി നൽകുന്നതാണ്. മൂല്യ നിർണ്ണയ പ്രക്രിയ വിജയകരമായി പൂർത്തിയാക്കുവാൻ കഴിയാത്തവർക്ക് തുടർ പരിശീലനം നൽകി പുനഃ മൂല്യനിർണ്ണയം നടത്തുന്നതാണ്. |
| (ഡി) | ഡിജിറ്റൽ സാക്ഷരതാ പഠന പ്രക്രിയ വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | ഓരോ പഠിതാവിന്റെയും ഡിജിറ്റൽ മൂല്യ നിർണ്ണയ പ്രക്രിയ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് 'ഡിജിറ്റൽ സാക്ഷരത സാക്ഷ്യപത്രം' മൊബൈൽ ആപ്ലിക്കേഷൻ വഴി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ